# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.82** **25/04/2017-ന് മറുപടിക്ക്**

## സർക്കാർ സർവ്വീസിലുണ്ടാകുന്ന ഒഴിവുകളിലെ പി എസ് സി നിയമനങ്ങൾ

**ചോദ്യം**

ശ്രീ. സണ്ണി ജോസഫ്

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാർ സർവ്വീസിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി എസ് സി വഴി നികത്തുവാൻ കഴിയുന്നുണ്ടോ ഇല്ലെങ്കിൽ കാരണം എന്താണ് ; | (എ) | നിയമനാധികാരി എഴുതി അറിയിക്കുന്ന ഒഴിവുകളിൽ റാങ്ക് പട്ടിക പ്രാബല്യത്തിൽ ഉള്ള തസ്തികകളിലേയ്ക്ക് താമസംവിനാ പി.എസ്.സി നിയമന ശിപാർശ നൽകി വരുന്നുണ്ട്. റാങ്ക് പട്ടിക നിലവിലില്ലാത്ത തസ്തികകളിൽ പി.എസ്.സി അപേക്ഷ ക്ഷണിച്ച് റാങ്ക് പട്ടിക തയ്യാറാക്കി നിയമന ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | പി എസ് സിയുടെ അഡ്വൈസ് മെമ്മോ ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും നിയമന ഉത്തരവ് ലഭിക്കാതിരിക്കുന്ന സാഹചര്യത്തിന് കാരണം എന്താണ് ; | (ബി) | വകുപ്പുകളിൽ നിന്നും എഴുതി അറിയിക്കുന്ന ഒഴിവുകളിലേയ്ക്കാണ് പി.എസ്.സി നിയമന ശിപാർശ നൽകുന്നത്. നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട നിയമനാധികാരിയാണ് നിയമന ഉത്തരവ് നൽകുന്നത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ വിശദാംശം നൽകുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റാങ്ക് പട്ടികകളുടെ കാലാവധി രണ്ടു പ്രാവശ്യം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി (I&II) ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

ഭരണഭാഷ — മാതൃഭാഷ

website: www.keralapsc.gov.in
Address : "KERSERCOM"

e-mail: kpsc.psc@kerala.gov.in
Phone:0471 - 2546234

13

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

No. A V(2) 4182/02/GW

തിരുവനന്തപുരം,
തീയതി:30.12.2016

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം.

118441

പ്രിൻസിപ്പൽ സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

സർ,

വിഷയം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ - അഡ്വൈസ് (റൂൾസ്) - പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:- ഉദ്യോഗസ്ഥഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 29.12.2016 തീയതിയായുള്ള ഉപ.സി.3/405/16/ഉ.ഭ.പ.വ നമ്പർ കത്ത്

*******

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഇപ്പോൾ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഇതുവരെ കാലാവധി ദീർഘിപ്പിച്ച് നല്കിയിട്ടില്ലാത്തവയും 2017 മാർച്ച് 31-നകം കാലാവധി അവസാനിക്കുന്നതുമായ റാങ്ക് ലിസ്റ്റുകളുടെ കാലാവധി 2017 ജൂൺ 30 വരെ ദീർഘിപ്പിക്കുന്നതിന് സൂചന കത്തു മുഖേന കമ്മീഷനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ശിപാർശ കമ്മീഷൻ പരിശോധിക്കുകയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടിച്ചട്ടങ്ങളിലെ ചട്ടം 13-ന്റെ 5-ാം പ്രൊവിസോ പ്രകാരം താഴെപ്പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി 31.12.2016- ന് സ്വാഭാവികമായി മൂന്ന് വർഷത്തെ കാലാവധി പൂർത്തിയാക്കി കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളെ 6 മാസം കൂടി, അതായത് 30.06.2017 വരെ സജീവമാക്കി നിർത്തികൊണ്ടും മേൽ കാലാവധി ദീർഘിപ്പിക്കൽ 31.12.2016 മുതൽ 29.06.2017 വരെയുള്ള കാലയളവിൽ കാലാവധി തീരുന്ന റാങ്ക് ലിസ്റ്റുകൾക്കും ബാധകമാക്കിയും ഉത്തരവായ വിവരം അറിയിക്കുന്നു.

1 മേൽ കാലാവധി ദീർഘിപ്പിക്കൽ 29.06.2016-ലെ AV(2)4182/2002/GW. നമ്പർ വിജ്ഞാപനത്തിലൂടെ 31.12.2016 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയ റാങ്ക് ലിസ്റ്റുകൾക്ക് ബാധകമല്ല.

2 ഈ കാലയളവിൽ ഏതെങ്കിലും ഒരു തസ്തികയ്ക്ക് പുതിയ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരികയാണെങ്കിൽ അതേ തസ്തികയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതിയിൽ അവസാനിക്കുന്നതാണ്.

3 Uniformed forces ലെ ട്രെയിനിംഗ് ആവശ്യമായ തസ്തികകൾക്കായുള്ള റാങ്ക് ലിസ്റ്റുകൾക്കും ട്രെയിനിംഗിനു തെരഞ്ഞെടുക്കുകയും, തുടർന്ന് സ്വമേധയാ നിയമിതരാവുകയും ചെയ്യുന്ന സർവ്വീസുകളുടെയും തസ്തികകളുടെയും റാങ്ക് ലിസ്റ്റുകൾക്കും മേൽ തീരുമാനം ബാധകമല്ല.

വിശ്വസ്തതയോടെ,

(ഒപ്പ്)

ജോൺ കുര്യൻ
അണ്ടർ സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സെക്രട്ടറിക്കുവേണ്ടി

ഭരണഭാഷ – മാതൃഭാഷ

website: www.keralapsc.gov.in
Address : "KERALA PSC ERCOM"

e-mail: kpsc.psc@kerala.gov.in
Phone:0471 - 2546234

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

No. A V(2) 4182/02/GW

തിരുവനന്തപുരം,
തീയതി:29.06.2016

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം.

പ്രിൻസിപ്പൽ സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഉപദേശ-സി) വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

PERSONNEL AND ADMINISTRATIVE REFORMS DEPT. E-6928 30 JUN 2016 SECRETARIAT

സർ,

വിഷയം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ - അഡ്വൈസ് (റൂൾസ്) - റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:- താങ്കളുടെ 23.06.2016 തീയതിയിലെ 755/Adv. C3/P&ARD നമ്പർ കത്ത്

*******

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അറിയിക്കുന്നു.

ഇപ്പോൾ നിലവിലുള്ളതും നാലര വർഷം പൂർത്തിയാക്കാത്തതുമായ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ആറു മാസത്തേക്കു കൂടി, അല്ലെങ്കിൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതു വരെ, അല്ലെങ്കിൽ നാലര വർഷം പൂർത്തിയാകുന്നതുവരെ, (ഇതിൽ ഏതാണോ ആദ്യം വരുന്നത് അതു വരെ) ദീർഘിപ്പിക്കുന്നതിന് പി.എസ്.സി-യോട് ശുപാർശ ചെയ്യുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുള്ളതായും. ആയതിനാൽ പ്രസ്തുത തീരുമാനം നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ കമ്മീഷൻ സ്വീകരിക്കണമെന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് സൂചന കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

ഇക്കാര്യം പബ്ലിക് സർവ്വീസ് കമ്മീഷൻ ചർച്ച ചെയ്ത് താഴെപ്പറയുന്ന തീരുമാനമെടുത്തിരിക്കുന്നു.

30.06.2016 നു നിലവിലുള്ളതും 30.12.2016 (6 മാസം) വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി, KPSC Rules of Procedure Rule 13, 5-ാം പ്രൊവിസോ പ്രകാരം താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 31.12.2016 വരെ ആറ് മാസത്തേയ്ക്ക് ദീർഘിപ്പിച്ചിരിക്കുന്നു.

1. റാങ്ക് ലിസ്റ്റിന്റെ പരമാവധി കാലവധിയായ നാലര വർഷം പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത ലിസ്റ്റുകളുടെ കാലാവധി അവസാനിക്കുന്നതായിരിക്കും.

2. ഈ കാലയളവിൽ ഏതെങ്കിലും ഒരു തസ്തികയ്ക്ക് പുതിയ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരികയാണെങ്കിൽ അതേ തസ്തികയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതിയിൽ അവസാനിക്കുന്നതാണ്.

3. Uniformed forces-ലെ ട്രെയിനിംഗ് ആവശ്യമായ തസ്തികകളുടെ റാങ്ക് ലിസ്റ്റുകൾക്കും ട്രെയിനിംഗിനു തെരഞ്ഞെടുക്കുകയും തുടർന്ന് സ്വമേധയാ നിയമിതരാവുകയും ചെയ്യുന്ന സർവ്വീസുകളുടെയും തസ്തികകളുടെയും റാങ്ക് ലിസ്റ്റുകൾക്കും മേൽ തീരുമാനം ബാധകമല്ല.

വിശ്വസ്തതയോടെ,

ജോൺ കുര്യൻ
അണ്ടർ സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സെക്രട്ടറിക്കുവേണ്ടി

Effess / Letter / 29.06.2016